## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *294 — 20.06.2014- ലെ മറുപടിക്ക്

# പൊതു-സ്വകാര്യ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി..എം. തോമസ് ഐസക്:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. സാജു പോൾ: | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തം ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക ബോർഡ് രൂപീകരിക്കാൻ ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) സംസ്ഥാന ആസൂത്രണ ബോർഡ് പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന കേരള ഇൻഫ്രാസ്ട്രക്ടചർ ഡെവലപ്പ്മെന്റ് ബില്ലിന്റെ കരടിൽ സംസ്ഥാനത്ത് പൊതുമേഖലയിലും പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയും നടപ്പിലാക്കുന്ന 25 കോടി രൂപയ്ക്കുമേൽ പ്രോജക്ട് അടങ്കലുള്ള എല്ലാ അടിസ്ഥാന സൗകര്യ പ്രോജക്ടുകളും പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഒരു 'ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ബോർഡ്' രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തിന് നിലവിൽ അനുവർത്തിച്ച് വരുന്ന സംവിധാനം എന്താണ്; | (ബി) സംസ്ഥാനത്ത് 5 കോടി രൂപയ്ക്ക് മേൽ അടങ്കലുള്ള എല്ലാ അടിസ്ഥാന സൗകര്യ പ്രോജക്ട് നിർദ്ദേശങ്ങളും (പി.പി.പി. ഉൾപ്പെടെ) അവയുടെ ബജറ്റിതര ധനലഭ്യത, സാങ്കേതികവും സാമ്പത്തികവുമായ പ്രവർത്തനക്ഷമത എന്നിവ ആസൂത്രണ ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ പരിശോധിച്ചു വരുന്നു. തദ്ദേശസ്വയം ഭരണ വകുപ്പിൽ 2003 മുതൽ തന്നെ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ പരിശോധിച്ച് തീരുമാനിക്കുന്നതിനുള്ള ഉന്നതതല സമിതി പ്രവർത്തിച്ചു വരുന്നുണ്ട്. |

(സി) ഇതിന് വിരുദ്ധമായ നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡിന്റെ ശുപാർശ യിൽ അടങ്ങിയിട്ടുണ്ടോ;

(സി) നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇൻഫ്രാസ്ട്രക്ടചർ ഡെവലപ്പ്മെന്റ് ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നത് 25 കോടി രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പദ്ധതികൾ മാത്രമായിരിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് നിലവിലുള്ള സംവിധാനം തുടരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ശുപാർശ സംബന്ധിച്ച് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ശുപാർശ സർക്കാർ പരിശോധിച്ചു കൊണ്ടിരി ക്കുകയാണ്.

(ഇ) പൊതു-സ്വകാര്യ പങ്കാളിത്ത മേഖല യിൽ നിന്നും പ്രത്യേകമായി ഒഴിച്ച് നിർത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കയാണ് ?

(ഇ) കരട് പി.പി.പി. നയത്തിൽ, അടിസ്ഥാന സൗകര്യ വികസന മേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തം സാദ്ധ്യമായ 22 മേഖലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ളം, അഴുക്കുചാൽ നിർമ്മാണം എന്നീ മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ